(ഡി) കടിവെള്ള ഗുണനിലവാര പ്രശ്നങ്ങളുള്ള പ്രദേശങ്ങളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനായി കേരള ജല അതോറിറ്റി പ്രത്യേകം പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഇതനുസരിച്ച് കടിവെള്ളഗുണനിലവാര പ്രശ്നങ്ങളുള്ള പ്രദേശങ്ങളിലേയ്ക്ക് സമീപത്തുള്ള സുരക്ഷിതമായ സ്രോതസ്സുകളിൽ നിന്നും ജലം ശുദ്ധീകരിച്ച് ലഭ്യമാക്കുന്ന പദ്ധതിയാണ് നടപ്പിലാക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെയാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കി വരുന്നത്. കൂടാതെ ജലനിധി റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ, ഇരുമ്പ് നിർമ്മാർജ്ജന പ്ലാന്റുകൾ, ടെറാഫിൽ ഫിൽറ്ററേഷൻ പ്ലാന്റുകൾ മുതലായവ വെള്ളത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനുവേണ്ടി സ്ഥാപിച്ചു വരുന്നു.

കായംകുളം കായലിന്റെ ഉപജലപാത

161 (2370) <u>ശ്രീ. സി. കെ സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ മൈാട്ടറിസം പദ്ധതിയുടെ ഭാഗമായി ദേശീയ ജലപാതയിൽ നിന്നും ഡി.റ്റി.പി.സി അമിനിറ്റി സെന്റർ വരെയുള്ള കായംകുളം കായലിന്റെ ഉപജലപാത ആഴവും, വീതിയും കൂട്ടുന്ന പദ്ധതിയ്ക്കായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള കേരള സ്റ്റേറ്റ് ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്തെല്ലാം വ്യവസ്ഥകൾ പാലിച്ചാണ് പദ്ധതി നടപ്പാക്കേണ്ടതെന്നും ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ പ്രസ്തുത ഏജൻസിയ്ക്ക് നൽകിയിട്ടുണ്ടോയെന്നും വിശദമാക്കാമോ ;

(ബി) കരാർ ഏറ്റെടുത്ത കമ്പനികൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും ആഴവും, വീതിയും കൂട്ടുമ്പോൾ ലഭിക്കുന്ന മണ്ണ് ഏതെല്ലാം നടപടിക്രമങ്ങൾ പാലിച്ചാണ് നീക്കം ചെയ്യേണ്ടതെന്നും വ്യക്തമാക്കാമോ ;

(സി) ഉപജലപാതയുടെ ആഴം കൂട്ടലുമായി ബന്ധപ്പെട്ട ഡ്രഡ്ജിംഗ് തടസ്സപ്പെടുത്തിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണം എന്തെന്നും പ്രശ്നപരിഹാരത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ ;

(ഡി) നടപടിക്രമങ്ങൾ പാലിക്കുന്നതിൽ നിർവ്വഹണ ഏജൻസി, ബന്ധപ്പെട്ട വകുപ്പുകൾ കരാറുകാർ എന്നിവരുടെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ചകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ വീഴ്ചകൾ

LIBRARY ARCHIVES Kerala Legislative Assembly

ആണെന്നും ദേശീയ ജലപാതയിൽ നിന്നും ഹൗസ്ബോട്ടുകളും മറ്റു മോട്ടോർ ബോട്ടുകളടക്കം കടന്നുവരുന്നതിനും കായംകുളം ജലോത്സവം സുഗമമായ രീതിയിൽ നടത്തുന്നതിനുംവേണ്ടി ഉപജലപാത വീണ്ടെടുക്കുന്ന പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) കെ. ഐ. ഐ. ഡി. സി. സർക്കാരിൽ നിന്നും ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികളെല്ലാം ധനകാര്യം, ജലസേചനം, പൊതുമരാമത്ത് എന്നീ വകുപ്പുകൾ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായിട്ടാണ് നടപ്പിലാക്കി വരുന്നത്.

(ബി) കായംകുളം കായലിലെ ഉപരിജലപാത ആഴവും വീതിയും കൂട്ടുന്ന കരാറുകാരൻ താഴെപ്പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് പ്രവർത്തിയെടുക്കേണ്ടത്.

1. കായലിൽ നിന്നും കഴിച്ചെടുക്കുന്ന മണ്ണ് ഒരു കിലോമീറ്റർ വിസ്തൃതിക്കുള്ളിൽ നിക്ഷേപിക്കാൻ പാടില്ലാത്തതാണ്.

2. വള്ളങ്ങളുടെ സുഗമമായ സഞ്ചാരത്തിന് വഴിയൊരുക്കാൻ ലോ വാട്ടർ ലെവലിൽ നിന്ന് 2.5 മീറ്റർ വരെയുള്ള എല്ലാ ചെളിയും മണലും മാറ്റേണ്ടതാണ്.

3. ഇങ്ങനെ മാറ്റുന്ന പ്രക്രിയവഴി അതിനടുത്തുള്ള ഭിത്തികൾക്കോ പാർശ്വ ഭിത്തികൾക്കോ , മറ്റു കെട്ടിടങ്ങൾക്കോ ബലക്ഷയം ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

4. നിലവിലുള്ള ബോട്ട് സഞ്ചാരത്തിന് തടസ്സം സൃഷ്ടിക്കാൻ പാടില്ല.

5. കെ. ഐ. ഐ. ഡി. സി. നിർദ്ദേശിക്കുന്ന ഭാഗത്തുനിന്നു മാത്രമേ ചെളിയും മണലും നീക്കാൻ പാടുള്ളൂ.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇങ്ങനെ തടസ്സപ്പെടാനുള്ള മുഖ്യകാരണം അവിടെനിന്നും നീക്കം ചെയ്യാനുദ്ദേശിക്കുന്ന ചെളിയിലും മണലിലും ധാതുക്കൾ അടങ്ങിയിരിക്കാൻ സാധ്യതയുണ്ടെന്ന് ജിയോളജി വകുപ്പ് കണ്ടെത്തുകയും അങ്ങനെയുണ്ടെങ്കിൽ അത് തിട്ടപ്പെടുത്താൻവേണ്ട നടപടികൾ സ്വീകരിച്ചതിനാലുമാണ്. നിലവിൽ ഇവിടെ നിന്നുള്ള ചെളിയുടെയും മണലിന്റെയും സാമ്പിളുകൾ KMMRL, IRE എന്നീ സ്ഥാപനങ്ങളും അറ്റോമിക് എനർജിവകുപ്പും അവരവരുടെ ലാബുകളിൽ പ്രത്യേകം പ്രത്യേകം പരീക്ഷണങ്ങൾക്ക് വിധേയമാക്കി ഇതിൽ നിന്നും കിട്ടിയ അറിവിൻ പ്രകാരം നിർദ്ദിഷ്ട കനാലിന്റെ അടിത്തട്ടിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

കഴിച്ചെടുക്കുന്ന ചെളിയിലും മണ്ണിലും അടങ്ങിയിരിക്കുന്ന ധാതുക്കൾ ലാഭകരമായ രീതിയിൽ വേർതിരിച്ചെടുക്കാൻ സാധിക്കില്ലയെന്ന് പണ്ടിക്കാണിക്കപ്പെട്ടതിനാൽ കളക്ടറുടെ അദ്ധ്യക്ഷതയിലും, മൈനിംഗ് ജിയോളജി വകുപ്പ് ഡയറക്ടറുടെ സാന്നിദ്ധ്യത്തിലും 27-2-2015-ൽ കൂടിയ മീറ്റിംഗിൽ ഡ്രഡ്ജിംഗ് പുനഃരാരംഭിക്കാനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ആരുടെയെങ്കിലും ഭാഗത്തുനിന്ന് വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മഴക്കാലം തുടങ്ങിയതിനാൽ പ്രവർത്തികൾ വേഗംതീർക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും പ്രവർത്തികൾ പൂർത്തിയാക്കാൻ 2015 നവംബർ 30 വരെ കാലാവധി കൊടുത്തിട്ടുണ്ട്.

ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാക്കുന്ന ആശുപത്രികൾ

162 (2371) ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇ.എസ്.ഐ. ചികിൽസാ ആനുകൂല്യം ലഭ്യമാകുന്ന തിരുവനന്തപുരം ജില്ലയിലെ ആശുപത്രികൾ എതെല്ലാം ; അറിയിക്കുമോ ?

ഉത്തരം

1. ഇ.എസ്.ഐ. ആശുപത്രി. പേരൂർക്കട
2. ഇ.എസ്.ഐ. ഡിസ്പെൻസറി, ആറ്റിങ്ങൽ
3. ഇ.എസ്.ഐ. ഡിസ്പെൻസറി, ബാലരാമപുരം
4. ഇ.എസ്.ഐ. ഡിസ്പെൻസറി, ചാക്ക
5. ഇ.എസ്.ഐ. ഡിസ്പെൻസറി, കരമന
6. ഇ.എസ്.ഐ. ഡിസ്പെൻസറി, കിളിമാനൂർ
7. ഇ.എസ്.ഐ. ഡിസ്പെൻസറി, കോവളം
8. ഇ.എസ്.ഐ. ഡിസ്പെൻസറി, മടവൂർ
9. ഇ.എസ്.ഐ. ഡിസ്പെൻസറി, നാവായിക്കുളം
10. ഇ.എസ്.ഐ. ഡിസ്പെൻസറി, നെയ്യാറ്റിൻകര
11. ഇ.എസ്.ഐ. ഡിസ്പെൻസറി, പേരൂർക്കട

LIBRARY ARCHIVES Kerala Legislative Assembly